## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 982** **05/02/2020-ലെ മറുപടിയ്ക്ക്**

## വാട്ടർ അതോറിറ്റിയിൽ ഓഫീസർമാരുടെ സംഘടന

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.കെ.പ്രശാന്ത്** | | **ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി)** | |
| എ) | വാട്ടർ അതോറിറ്റിയിൽ റഫറണ്ടത്തിൽ പങ്കെടുക്കാൻ കഴിയാത്ത സൂപ്പർവൈസറി തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് സംഘടനാ സ്വാതന്ത്ര്യം നിഷേധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| ബി) | ഒരു സംഘടനയുടെ അംഗീകാരവുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട സുതാര്യവും കൃത്യതയാർന്നതുമായ നടപടിക്രമങ്ങൾ വ്യക്തമാക്കുന്ന ഉത്തരവ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം ഒരു ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ; | ബി) | കേരള സർക്കാർ ജീവനക്കാരുടെ കോൺഡക്ട് റൂൾസ് 1960 ലെ റൂൾ 77-ൽ സർവ്വീസ് സംഘടനകളെ അംഗീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുന്നു. |
| സി) | കേരള വാട്ടർ അതോറിറ്റിയിൽ ഓഫീസർമാരുടെ സംഘടനയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അംഗീകാരം നൽകേണ്ടത് സർക്കാർ ആണോ ബോർഡാണോയെന്ന് വ്യക്തമാക്കുമോ; | സി) | സംഘടനയ്ക്ക് അംഗീകാരം നൽകുന്നത് ഗവൺമെന്റ് സർവ്വന്റ്സ് കോൺഡക്ട് റൂൾ 1960 ലെ ചട്ടം 77 (a) (1)-(2) പ്രകാരം സർക്കാരാണ്. |
| ഡി) | അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റിയിലെ എത്ര സംഘടനകൾ അപേക്ഷയും ബന്ധപ്പെട്ട രേഖകളും സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | ഡി) | നിലവിൽ ഒരു സംഘടന അപേക്ഷയും ബന്ധപ്പെട്ട രേഖകളും സമർപ്പിച്ചിട്ടുണ്ട്. |
| ഇ) | അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയുടെ അംഗീകാരവുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം അന്വേഷിക്കുമോ? | ഇ) | അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (അക്വ) എന്ന സംഘടനയ്ക്ക് അംഗീകാരം നൽകണമെന്ന ആവശ്യപ്പെട്ട നിവേദനം ജല അതോറിറ്റി സർക്കാരിൽ ലഭ്യമാക്കുകയും തുടർന്ന് ഇത് സംബന്ധിച്ച ചില വിഷയങ്ങളിൽ വാട്ടർ അതോറിറ്റിയുടെ സ്പഷ്ടീകരണം ആവശ്യപ്പെടുകയും തുടർന്ന് 17/04/2019 ൽ ശ്രീ. അജിത് കുമാർ. ബി, അക്വ എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുന്നതിനെതിരെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് നൽകിയ പരാതിയിൽ ഉന്നയിച്ച ആരോപണങ്ങളിന്മേൽ വ്യക്തമായ റിപ്പോർട്ടും വാട്ടർ അതോറിറ്റിയിൽ നിന്ന് ആവശ്യപ്പെട്ടിരുന്നു.<br>കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (അക്വ) എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ